## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2721

19 .02.2016-ൽ മറുപടിയ്ക്ക്

# ' റവന്യൂ ജീവനക്കാരുടെ കാര്യക്ഷമത'

**ചോദ്യം**

ശ്രീ. സി. എഫ്. തോമസ്
ശ്രീ. തോമസ് ഉണ്ണിയാടൻ

(എ) റവന്യൂ വകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

**മറുപടി**

ശ്രീ. അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതും പൊതുവായി എല്ലാ വകുപ്പുകൾക്കും ആവശ്യമായതുമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐ. എൽ. ഡി. എം) എന്ന പേരിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് റവന്യൂ വകുപ്പിനു കീഴിൽ നിലവിലുണ്ട്. റവന്യൂ, സർവ്വേ, ദുരന്തനിവാരണം സംബന്ധമായ എല്ലാ വിഷയങ്ങളിലും സമയബന്ധിതമായി ജീവനക്കാർക്ക് ഇവിടെ പരിശീലനം നൽകി വരുന്നു. കൂടാതെ, ജീവനക്കാരുടെ കാര്യക്ഷമത, മനോഭാവം, സേവനതത്പരത എന്നിവ വർദ്ധിപ്പിക്കുന്നതിനായി ജില്ലാതല പരിശീലന പരിപാടികളും ജനസൗഹൃദ വില്ലേജ് പരിശീലനവും ഐ. എൽ. ഡി. എം-ന്റെ ആഭിമുഖ്യത്തിൽ നൽകി വരുന്നു. പൊതു ജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിൽ സംസ്ഥാനത്ത് യഥാക്രമം തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും എറണാകുളം ആസ്ഥാനമാക്കി മധ്യമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും കോഴിക്കോട് ആസ്ഥാനമാക്കി ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചു വരുന്നു. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റിലേയും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് എന്നു നാമകരണം ചെയ്തു പ്രവർത്തിച്ചു വരുന്നു. കൂടാതെ, വകുപ്പു മേധാവിയായ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലും ഇൻസ്പെക്ഷൻ ആന്റ് ആഡിറ്റ് വിഭാഗം പ്രവർത്തിച്ചു വരുന്നുണ്ട്.

| | |
|---|---|
| (ബി) ഇതു മൂലം അഴിമതി കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) അഴിമതി കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്. |
| (സി) വില്ലേജ്/ താലൂക്ക് ഓഫീസുകൾ, കളക്ടറേറ്റുകൾ എന്നിവ മുഖാന്തിരം നൽകി വരുന്ന ഏതെല്ലാം സേവനങ്ങളാണ് ഓൺ ലൈൻ ആക്കിയിട്ടുളളതെന്ന് വ്യക്തമാക്കുമോ; | (സി) ലാൻഡ് റവന്യു വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിൻെറ ഭാഗമായി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുളളതാണ്. സർട്ടിഫിക്കറ്റ് സേവനങ്ങൾ- ഇ-ഡിസ്ട്രിക്ട്, ഭൂസംബന്ധമായ സേവനങ്ങൾ , ഓൺലൈൻ പോക്കുവരവ് , കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക്, ഓൺലൈൻ ടാക്സ് പേയ്മെന്റ് , ഫയലുകളിലെ സുതാര്യത ഉറപ്പാക്കൽ, ഡി. സി. സ്യൂട്ട്, ആർ. ആർ. ഓൺലൈൻ എന്നീ പദ്ധതികൾ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. ഡി. സി സ്യൂട്ട് തിരുവനന്തപുരം ജില്ലയൊഴികെ ബാക്കി എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത ഓഫീസുകൾ മുഖാന്തിരം നൽകി വരുന്ന സർട്ടിഫിക്കറ്റുകൾ മുതലായവ പൂർണ്ണമായി ഓൺ ലൈൻ ആക്കുന്നതിനും മറ്റു സേവനങ്ങൾ യഥാസമയം അഴിമതിരഹിതമായി ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കാമോ? | (ഡി) ഇതു സംബന്ധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ